**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 198** **27-10-2026-ൽ മറുപടിയ്ക്ക്**

**സ്പീക്ക് അപ്പ് പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വർധിച്ചുവരുന്ന ഗാർഹിക പീഡനങ്ങൾ തടയുന്നതിനായി ആഭ്യന്തര വകുപ്പ് സ്പീക്ക് അപ്പ് എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഗാർഹിക പീഡനം തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്ക് സമഗ്രമായ സംരക്ഷണവും പിന്തുണയും ഉറപ്പാക്കുന്നതിനും സുരക്ഷിതമായി പരാതികൾ സമർപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുമായി കേരള പോലീസ് 03.10.2026-ലെ നം. എസ്2/187942/2026/ പി.എച്ച്.ക്യൂ. ഉത്തരവ് പ്രകാരം സ്പീക്ക് അപ്പ് (Speak Up) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് നിയമപരമായ സംരക്ഷണവും നീതിയും ഉറപ്പാക്കുക, മാനസിക പിന്തുണയും സുരക്ഷിത താമസസൗകര്യവും ഉപജീവന സഹായവും ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾ ഭയമോ ആശങ്കയോ മൂലം പരാതി നൽകുന്നതിൽ നിന്ന് പിന്തിരിയാതെ സഹായം തേടുന്നതിനും സുരക്ഷിതമായ ജീവിതം പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ സാഹചര്യം ഒരുക്കുന്നതിനൊപ്പം, ഗാർഹിക പീഡന പരാതികളിൽ സമയബന്ധിതമായ പോലീസ് ഇടപെടൽ ഉറപ്പാക്കുകയും തൊഴിൽപരിശീലനവും അനുബന്ധ പിന്തുണയും ലഭ്യമാക്കി സ്ത്രീകളുടെ സ്വയംപര്യാപ്തത പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

**(ബി)** ഇതിനായി രൂപീകരിച്ചിട്ടുള്ള പ്രത്യേക ദൗത്യസേനയുടെ (സ്പെഷ്യൽ ടാസ്ക് ഫോഴ്സ്) പ്രവർത്തനരീതി എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്;

**മറുപടി:** ഗാർഹിക പീഡന പരാതികളിൽ സമയബന്ധിതമായ പോലീസ് ഇടപെടൽ ഉറപ്പാക്കുന്നതിനും ഓരോ കേസിന്റെയും പുരോഗതി നിരീക്ഷിച്ച് ആവശ്യമായ തുടർ പിന്തുണ ലഭ്യമാക്കുന്നതിനുമായി പ്രത്യേക ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന നോഡൽ ഓഫീസറായ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ഇ.ഒ.ഡബ്ല്യൂ (EOW) യുടെ മേൽനോട്ടത്തിലാണ് ഈ ദൗത്യസംഘം പ്രവർത്തിക്കുന്നത്.

**(സി)** ഗാർഹിക പീഡന പരാതികൾ സ്വീകരിക്കുന്നതിനും അതിജീവിതകൾക്ക് നിയമസഹായം, കൗൺസിലിംഗ്, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ്

ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

**മറുപടി:** ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് പരാതി സമർപ്പിക്കുന്നതു മുതൽ നിയമസഹായം, കൗൺസിലിംഗ്, പുനരധിവാസം എന്നിവ ലഭ്യമാക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപെടുത്തിയിട്ടുണ്ട്. നേരിട്ടോ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയോ പ്രത്യേക മൊബൈൽ ആപ്പ് വഴിയോ പോലീസിന്റെ സഹായം തേടാവുന്നതാണ്. കൂടാതെ, അടിയന്തര പോലീസ് സഹായത്തിനായി ടോൾ ഫ്രീ നമ്പറുകളായ 112, 181 എന്നിവയും സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിനായി 15100 എന്ന ഹെൽപ്പ് ലൈൻ നമ്പറും പ്രയോജനപ്പെടുത്താവുന്നതാണ്.

**(ഡി)** പദ്ധതിയുടെ ഭാഗമായി പൊലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** പോലീസ് സഹായം തേടിയെത്തുന്നവരോട് സഹാനുഭൂതിയോടെയും സൗഹാർദ്ദപരമായും പെരുമാറുന്നതിനും വ്യക്തിപരമായ താൽപര്യങ്ങളുടെയോ മുൻവിധികളുടെയോ സ്വാധീനമില്ലാതെ മാന്യമായ ഭാഷയിൽ നിയമനടപടികളും അവകാശങ്ങളും സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ നൽകുന്നതിനും പോലീസ് സ്റ്റേഷനുകളിലെ വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**